# ‘കണ്ണുനീരിനെ സന്തോഷമാക്കുന്നവൻ നമ്മുടെ ദൈവം’

## സങ്കീർത്തനങ്ങൾ 30:5

“അവന്റെ കോപം ക്ഷണനേരത്തേക്കെയുള്ളു; അവന്റെ പ്രസാദമോ ജീവപര്യന്തമുള്ളത്; സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപാർക്കും; ഉഷസ്സിലോ ആനന്ദഘോഷം വരുന്നു.”

ഈ വചനം നാം വായിക്കുമ്പോൾ ദൈവം കോപിക്കുന്നവനാണോ എന്ന ചോദ്യം ഉണ്ടായേക്കാം. ദൈവം സ്നേഹമാകുന്നുവല്ലോ. നമ്മുടെ മക്കളെ നാം ബാലശിക്ഷ കൊടുത്തു വളർത്തുന്നതുപോലെ ആ സ്നേഹത്തിലൂടെയുള്ള ചില ശിക്ഷകൾ ദൈവത്തിൽ നിന്നും നമുക്കും ഉണ്ടായേക്കാം. എന്നാൽ അത് നമ്മുടെ ആത്മീകമായ വളർച്ചയ്ക്കുവേണ്ടി ആകുന്നു. ഒരുപക്ഷേ താങ്കൾ ഇപ്പോൾ കണ്ണുനീരിന്റെ ഒരു അവസ്ഥ യിലൂടെയാവാം കടന്നുപോകുന്നത്. രാത്രി മാറി ഉഷസ്സ് ഉദിക്കുന്നതുപോലെ ഇപ്പോഴുള്ള കണ്ണുനീർ മാറ്റി സന്തോഷം തരുവാൻ ദൈവം വിശ്വസ്ഥനാണ്.

നമ്മുടെ കർത്താവായ യേശുക്രിസ്തു തന്നെയും ഈ ലോകത്തിൽ ജീവിച്ച് ശുശ്രൂഷ ചെയ്തു പോന്ന സമയങ്ങളിലെല്ലാം മറ്റുള്ളവരിൽ നിന്നുള്ള നിന്ദയും പരിഹാസവുമെല്ലാം സഹിക്കേണ്ടി വന്നുവല്ലോ. എന്നാൽ ക്രൂശിലെ മരണത്തോളം കർത്താവ് സകലത്തിലും തന്റെ പിതാവിന് കീഴ്പ്പെട്ടിരുന്നു. ‘ത്യാഗത്തിന്റെയും സഹനത്തിന്റെയും മാതൃക’ നമ്മുടെ കർത്താവ് നമ്മെ പഠിപ്പിച്ചിരിക്കുന്നു. എന്നാൽ അതിന്റെ മറുവശം നാം ചിന്തിക്കുമ്പോൾ ആ ക്രൂശുമരണം കൊണ്ടാണല്ലോ ഇന്നത്തെ ഓരോ വിശ്വാസിയും നിത്യതയിൽ ചേർക്കപ്പെടുവാൻ ഇടയായിത്തീരുന്നത്.

അപ്രകാരം തന്നെ ഇന്ന് വിശ്വാസത്തിനു വേണ്ടി ഇറങ്ങി തിരിച്ചിരിക്കുന്ന താങ്കൾക്കും ഈ വക കഷ്ടപ്പാടുകൾ, വേദനകൾ ഒക്കെ ഉണ്ടായേക്കാം. ഇപ്രകാരം ഒരു തകർക്കപ്പെട്ട വേദന അനുഭവിക്കുന്ന വിശ്വാസിയാണോ താങ്കൾ, എന്നാൽ ഓർത്തു കൊൾക. മാറാവ്യാ ധിയെ മാധുര്യമാക്കുന്നവനാണ് നമ്മുടെ ദൈവം. ഇന്നത്തെ കണ്ണുനീരുകളും വേദനകളും നാളത്തെ ഉല്ലാസഘോഷമായി മാറ്റുവാൻ കഴിയുന്നവനാണ് നാം സേവിക്കുന്ന ദൈവം.

ഗോതമ്പുമണി നിലത്തുവീണ് ചാകുന്നില്ല എങ്കിൽ അതിന് ഫലം പുറപ്പെടുവിക്കുവാൻ കഴിയുകയില്ല എന്ന് നാം വായിക്കുന്നുവല്ലോ. ഈ തകർച്ച അല്ലെങ്കിൽ പ്രയാസം ഒരു നല്ല ഫലം പുറപ്പെടുവിക്കുവാൻ വേണ്ടി ദൈവം തന്നെ അനുവദിച്ചിരിക്കുന്നതാകുന്നു. അങ്ങനെ നമ്മിൽ നിന്നും കർത്താവാഗ്രഹിക്കുന്ന ഫലങ്ങൾ പുറപ്പെട്ട് അത് മറ്റുള്ള വർക്കും കൂടി അനുഗ്രഹത്തിന് കാരണമായിത്തീരും.

സങ്കീർത്തനങ്ങൾ 126:5-6 ‘‘കണ്ണുനീരോടെ വിതെക്കുന്നവർ ആർപ്പോടെ കൊയ്യും. വിത്തു ചുമന്നു കരഞ്ഞും വിതെച്ചുംകൊണ്ടു നടക്കുന്നു. കറ്റ ചുമന്നും ആർത്തും കൊണ്ട് വരുന്നു.’’ ഓരോ വചനവും വിത്തുകളാണ്. അതിനായി നമ്മുടെ ഹൃദയങ്ങളെ ഒരുക്കാം. നല്ല നിലങ്ങളിൽ വീഴുന്ന വിത്തുകൾ അധികം ഫലം കായ്ക്കുന്നതുപോലെ നമ്മുടെ ഹൃദയങ്ങൾ വിശുദ്ധിയിൽ സൂക്ഷിക്കേണ്ടതാകുന്നു. വിത്തു വിതക്കുമ്പോൾ അവർക്കു സങ്കടവും കഷ്ടപ്പാടും ഒക്കെ അനുഭവപ്പെടുന്നു. ഇപ്രകാരം നമ്മുടെ ഹൃദയങ്ങളെ ദൈവത്തിനു വേണ്ടി ഒരുക്കുമ്പോൾ ചില ഇഷ്ടങ്ങൾ വേണ്ട എന്നു വെയ്ക്കുവാനും, ചില സമയങ്ങളിൽ ക്ഷമിക്കുവാനും ഒക്കെ നമുക്ക് ദൈവത്തിൽ നിന്നും അധികം കൃപ കൂടിയേ തീരൂ.

അപ്രകാരം ഒരുക്കപ്പെട്ട ഒരു വിശ്വാസിയുടെ കണ്ണുനീരും പ്രാർത്ഥനകളും തീർച്ചയായും ദൈവം മാനിക്കുന്ന ഒരു ദിവസമുണ്ട്. നമ്മുടെ കണ്ണുനീരിനെ തുരുത്തിയിൽ ആക്കി വെക്കുന്നവനാണ് നമ്മുടെ ദൈവം. വേദനകളെ ചൊല്ലി ദൈവത്തെ പഴി പറഞ്ഞ് ജീവിക്കുമ്പോൾ ശത്രുവായവൻ കൂടുതൽ തന്ത്രങ്ങളുമായി കടന്നു വന്ന് നമ്മുടെ ഇന്നത്തെ സമാധാനത്തെ എടുത്തു കളയുവാൻ ഇടയാകും. എന്നാൽ വിശ്വാസികളായ നാം ഓരോരുത്തരും വിശ്വസ്ഥനായ ദൈവത്തിന്റെ മാറ്റമില്ലാത്ത വാഗ്ദത്തങ്ങളെ ഏറ്റെടുത്തു കൊണ്ട് ശുദ്ധമനസ്സാക്ഷിയോടുകൂടി ദൈവസന്നിധിയിൽ പ്രാർത്ഥിക്കുകയും അപേക്ഷിക്കുകയും ചെയ്യണം. നമ്മുടെ സ്ഥിതിക്ക് വ്യത്യാസം വരുത്തുവാൻ കർത്താവിന് ഒരു നിമിഷം മതിയല്ലോ. അതിന് പ്രത്യാശയോടെ ക്ഷമയോടെ കാത്തിരിക്കാം.

പരാമർശം :

സങ്കീർത്തനങ്ങൾ 53:6

“സിയോനിൽ നിന്ന് യിസ്രായേലിന്റെ രക്ഷ വന്നെങ്കിൽ! ദൈവം തന്റെ ജനത്തിന്റെ സ്ഥിതി മാറ്റുമ്പോൾ യാക്കോബ് സന്തോഷിക്കയും യിസ്രായേൽ ആനന്ദിക്കുകയും ചെയ്യും.”

## അശ്വതി ബിനു ഏറ്റുമാനൂർ 13